**അരുൺ ജെയ്റ്റ്ലി**
**മെമ്പർ ഓഫ് പാർലമെന്റ്**
**പ്രതിപക്ഷ നേതാവ്**
**(രാജ്യസഭ)**

**ഡിസംബർ 5, 2013**

**സെക്രട്ടറി ജനറൽ**
**രാജ്യസഭ**
**പർലമെന്റ് ഹൗസ്**
**ന്യൂദൽഹി**

സർ,

ഇന്ത്യയുടെ ഭൂപ്രദേശം തിരിച്ചു പിടിക്കാനും കുറച്ചു ഭാഗം ബംഗ്ലാദേശിനു വിട്ടുകൊടുക്കാനും അനുവദിക്കുന്ന ഭരണഘടനാ ഭേദഗതിക്കുള്ള ബിൽ അവതരിപ്പിക്കാൻ വിദേശകാര്യ വകുപ്പു മന്ത്രി സൽമാൻ ഖുർഷിദ് അനുമതി ചോദിച്ചിരിക്കുകയാണ്. ഇത് ഭരണഘടനാ ഭേദഗതി ബിൽ 2013 (119-ാം ഭേദഗതി) ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ബില്ലിന്റെ അവതരണത്തെ ഞാൻ എതിർക്കുന്നു. ഇന്ത്യൻ അതിർത്തി മാറ്റാൻ ഭരണഘടനാ ഭേദഗതി പോരെന്നും അതിനു പാർലമെന്റിന് അവകാശമില്ലെന്നുമുള്ള കാരണത്താലാണ് ഞാൻ എതിർക്കുന്നത്. ഭരണഘടനയിൽ ഭേദഗതി വരുത്താനുള്ള അധികാരം ഭരണഘടനയിലെ 368-ാം വകുപ്പനുസരിച്ചാണ്. ഇതു പറയുന്നത് ഭരണഘടനയുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താൻ പാടില്ലെന്നാണ്. ഏന്റെ വാദം ഇതാണ്, 1973-ൽ നിലവിൽ വരുത്തിയ അടിസ്ഥാന ഘടനാ പ്രമാണമനുസരിച്ച് ഇന്ത്യയുടെ അതിർത്തി ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമാണ്. ഇന്ത്യൻ ഭൂ അതിർത്തി ഭരണഘടനയുടെ അംഗം തന്നെയാണ്. അത് ഭരഭണഘടനയുടെ ഒരുഭേദഗതിയിലൂടെ മാറ്റാനോ ചെറുതാക്കാനോ സാധ്യമല്ല.
ബില്ലിനെ എതിർക്കാൻ എനിക്ക് അനുമതി നൽകണം.

വിശ്വസ്തതയോടെ,

അരുൺ ജെയ്റ്റ്ലി